ഉത്തരം

(എ&ബി) സമൂഹത്തിലെ ദുർബലവിഭാഗത്തിലെ സ്ത്രീകൾക്കിടയിലെ പ്രസവം ആശുപത്രികളിൽവച്ചുതന്നെ നടക്കുന്നുവെന്ന് ഉറപ്പാക്കാൻവേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ് ജനനി സുരക്ഷായോജന. ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി 2005 ഏപ്രിൽ മുതലാണ് ഈ പരിപാടി നടപ്പിൽവന്നുതുടങ്ങിയത്. 2008 ഫെബ്രുവരി 29-ലെ പുതുക്കിയ ഉത്തരവ് പ്രകാരം [ജി.ഒ.(പി.)നമ്പർ 59/08/എച്ച്&എഫ്.ഡബ്ല്യൂ.ഡി.] പത്തൊൻപത് വയസ്സിനുമുകളിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ട് സജ്ജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകിവരുന്നു :

- ഗ്രാമീണമേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽനടക്കുന്ന പ്രസവത്തിന് 700 രൂപയും
- നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപയും
- വീട്ടിൽവച്ചുനടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയും
- അംഗീകൃത സ്വകാര്യ ആശുപത്രിയിൽവച്ചുനടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.

ബി.പി.എൽ. കാർഡുണ്ടായിരിക്കുകയോ, ബി.പി.എൽ. ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിരിക്കുകയോ, ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖകളുണ്ടായിരിക്കുകയോ ചെയ്യുന്നവർക്ക് മേൽ വിവരിച്ച സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

(സി) 2005 മുതൽ 2010 വരെ ജനനി സുരക്ഷാ യോജന പദ്ധതിവഴി 49.89 കോടി രൂപ ചെലവഴിച്ചു.

(ഡി) പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെകീഴിലുള്ള ഈ പദ്ധതിയുടെ തുക വർദ്ധിപ്പിക്കണമോയെന്ന് തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്.

മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സഹായം

74 (1802) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള സഹായമാണ് ഇപ്പോൾ ലഭിക്കുന്നത് ;

(ബി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ധനസഹായം ലഭിക്കുന്നുണ്ടോ ;

(സി) സംസ്ഥാന സർക്കാർ ഇത്തരം സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായമാണ് നൽകുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ധനസഹായം ലഭിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ആണ് ;

(ഇ) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ഇത്തരം കേന്ദ്ര/ സംസ്ഥാന സഹായങ്ങൾ ലഭ്യമാകുന്നത് ;

(എഫ്) കൂടുതൽ സ്ഥാപനങ്ങളെ ഈ പദ്ധതികളിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

അനാഥാലയങ്ങളെക്കുറിച്ചുള്ള അന്വേഷണം

75 (1803) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമവകുപ്പിന് കീഴിലും വ്യക്തികളുടെയും സന്നദ്ധസംഘടനകളുടെയും കീഴിലും എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അനാഥാലയങ്ങളിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കൊണ്ടുവരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) വ്യക്തികളും സന്നദ്ധസംഘടനകളും നടത്തുന്ന അനാഥാലയങ്ങളുടെ പ്രവർത്തനത്തെപ്പറ്റിയും ഇവയുടെ സാമ്പത്തിക ഇടപാടുകളെക്കുറിച്ചും പരാതി ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യക്തികളുടേയും സന്നദ്ധ സംഘടനകളുടേയും കീഴിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള 1655 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽകൊണ്ടു വരുന്നു എന്ന ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ് ഉള്ളവരെമാത്രമേ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കാവൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് സർക്കുലർ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി വിശദമായ നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) എറണാകുളം ജില്ലയിലെ കുമ്പളങ്ങിയിലുള്ള കൃപാലയം ഓർഫനേജിലെ സാമ്പത്തിക ഇടപാടുകളെക്കുറിച്ച് പരാതി ഉണ്ടായിട്ടുണ്ട്.

(ഡി) ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly